**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1758** **29-09-2025 - ൽ മറുപടിയ്ക്ക്**

**ചേലാട് സ്റ്റേഡിയം നിർമ്മാണത്തിന് ഭൂമി തരം മാറ്റൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ ചേലാട് സ്റ്റേഡിയം നിർമ്മാണത്തിന് ഭൂമി തരംമാറ്റുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന് നൽകിയിരിക്കുന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **എറണാകുളം ജില്ലയിൽ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ പിണ്ടിമന വില്ലേജിൽ സർവ്വേ നമ്പർ 591/2-1-2, 592/7-4, 592/7-5, 592/8-1, 592/8-1-2, 592/8-2-10-3, 592/8-2-10-4, 592/8-2-2, 601/1-2-10-7, 591/2-2-5, 592/8-2-10-2-2-ൽ ഉൾപ്പെട്ട 69.27 ആർസ് നിലം പരിവർത്തനപ്പെടുത്തി ചേലാട് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി പിണ്ടിമന ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ 06.10.2023, 19.11.2024 തീയതികളിൽ കൂടിയ സംസ്ഥാനതല സമിതി വിശദമായി പരിശോധിക്കുകയും, ടി വിഷയവുമായി ബന്ധപ്പെട്ട് KITCO Ltd., എറണാകുളം സമർപ്പിച്ച പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സമിതിയിലെ വിദഗ്ധ അംഗം ഡോ.പി.ഒ. നമീർ എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ സാന്നിധ്യത്തിൽ സ്ഥലം പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ട് 10.06.2025-ൽ കൂടിയ സംസ്ഥാനതല സമിതി പരിശോധിക്കുകയും KITCO സമർപ്പിച്ച DPR – ൽ അവ്യക്തത നിലനിൽക്കുന്നതിനാൽ ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുവാനും, പ്രസ്തുത റിപ്പോർട്ട് ലഭ്യമായ ശേഷം ആയതിന്മേലുള്ള സമിതി അംഗം ഡോ.പി.ഒ.നമീറിന്റെ അഭിപ്രായം സഹിതം ടി വിഷയം അടുത്ത സമിതി യോഗത്തിൽ പരിശോധിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.**<br><br>**കേരള സംസ്ഥാന കായിക യുവജന കാര്യ (എ) വകുപ്പിന്റെ 26/04/2025 - ലെ സ.ഉ.(സാധാ)നം.108/2025/S&YA നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ചേലാട് സ്റ്റേഡിയം പദ്ധതിയുടെ എസ്.പി.വി. സ്ഥാനത്ത് നിന്നും കിറ്റ്കോയെ മാറ്റി പകരം സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിച്ചിട്ടുണ്ടെന്ന് പിണ്ടിമന ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയും, സ്പോർട്സ് കേരള** |

| | | | |
|---|---|---|---|
| | | | ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ട് മേൽ നടപടികൾക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രസ്തുത റിപ്പോർട്ട് 10/06/2025-ലെ സംസ്ഥാനതല സമിതി തീരുമാനം പ്രകാരം തുടർ നടപടി സ്വീകരിച്ച് സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |
| (ബി) | പ്രസ്തുത അപേക്ഷയിൽ അടിയന്തരനടപടി സ്വീകരിച്ച് ഭൂമി തരംമാറ്റുന്നതിനുള്ള അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | എറണാകുളം ജില്ലയിൽ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ പിണ്ടിമന വില്ലേജിൽ സർവ്വേ നമ്പർ 591/2-1-2, 592/7-4, 592/7-5, 592/8-1, 592/8-1-2, 592/8-2-10-3, 592/8-2-10-4, 592/8-2-2, 601/1-2-10-7, 591/2-2-5, 592/8-2-10-2-2-ൽ ഉൾപ്പെട്ട 69.27 ആർസ് നിലം പരിവർത്തനപ്പെടുത്തി ചേലാട് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി പിണ്ടിമന ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ 06.10.2023, 19.11.2024 തീയതികളിൽ കൂടിയ സംസ്ഥാനതല സമിതി വിശദമായി പരിശോധിക്കുകയും, ടി വിഷയവുമായി ബന്ധപ്പെട്ട് KITCO Ltd., എറണാകുളം സമർപ്പിച്ച പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സമിതിയിലെ വിദഗ്ദ്ധ അംഗം ഡോ.പി.ഒ. നമീർ എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ സാന്നിധ്യത്തിൽ സ്ഥലം പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ട് 10.06.2025-ൽ കൂടിയ സംസ്ഥാനതല സമിതി പരിശോധിക്കുകയും KITCO സമർപ്പിച്ച DPR – ൽ അവ്യക്തത നിലനിൽക്കുന്നതിനാൽ ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടുവാനും, പ്രസ്തുത റിപ്പോർട്ട് ലഭ്യമായ ശേഷം ആയതിന്മേലുള്ള സമിതി അംഗം ഡോ.പി.ഒ.നമീറിന്റെ അഭിപ്രായം സഹിതം ടി വിഷയം അടുത്ത സമിതി യോഗത്തിൽ പരിശോധിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.<br><br>കേരള സംസ്ഥാന കായിക യുവജന കാര്യ (എ) വകുപ്പിന്റെ 26/04/2025 - ലെ സ.ഉ.(സാധാ)നം.108/2025/S&YA നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ചേലാട് സ്റ്റേഡിയം പദ്ധതിയുടെ എസ്.പി.വി. സ്ഥാനത്ത് നിന്നും കിറ്റ്കോയെ മാറ്റി പകരം സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിച്ചിട്ടുണ്ടെന്ന് പിണ്ടിമന ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയും, സ്പോർട്സ് കേരള |

| | | | |
|---|---|---|---|
| | | | **ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ട് മേൽ നടപടികൾക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.**<br><br>**സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രസ്തുത റിപ്പോർട്ട് 10/06/2025-ലെ സംസ്ഥാനതല സമിതി തീരുമാനം പ്രകാരം തുടർ നടപടി സ്വീകരിച്ച് സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ